# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741 — 03.12.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾക്ക് ഫീസ് നിരക്ക് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. 23/09/2014-ലെ സ.ഉ(അച്ചടി) 409/14/ധന ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസുകളും ചാർജ്ജുകളും ഒഴികെ, മറ്റു വകുപ്പുകളിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ 20/10/2014-ലെ സ.ഉ(കൈ) നം.305/2014/ആകുവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത വർദ്ധനവിൽ നിന്നും ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, ഭാരതീയ ചികിത്സ, ഹോമിയോപ്പതി എന്നീ വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | സർക്കാർ ആശുപത്രികളിലെ വിവിധ പരിശോധനകൾ സൗജന്യ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | 30/05/2014-ലെ സ.ഉ(എം.എസ്) നം. 159/2014/ആകുവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആയുർവേദ കോളേജുകളുടെ കീഴിൽ വരുന്ന ആശുപത്രികളിൽ ചികിത്സക്കെത്തുന്ന 500/- രൂപയിൽ താഴെ മാസവരുമാനമുള്ള മുഴുവൻ രോഗികൾക്കും സൗജന്യ ചികിത്സ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ സർക്കാർ ആശുപത്രി കളിൽ വിവിധ പരിശോധനകൾ സൗജന്യമാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ആസ്തി വികസന ഫണ്ടിൽ മാവേലിക്കര ജില്ലാ ആശുപത്രി യിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹു.എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 67 ലക്ഷം രൂപ ചിലവിൽ ഡോർമിറ്ററി കെട്ടിടവും കാന്റീനും നിർമ്മിക്കുന്നതിന് 12.08.14 ലെ ജി.ഒ(ആർ.ടി) നം. 2745/2014/ആകുവ എന്ന ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തി പൊതുമരാമത്തു വകുപ്പുമായി ചേർന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ